# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 170

25.04.2017-ൽ മറുപടിയ്ക്ക്

## വാഹനങ്ങളുടെ അമിത വേഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | തലസ്ഥാന നഗരത്തിൽ വാഹനങ്ങളുടെ മരണപാച്ചിൽ മൂലം ഇതര വാഹന യാത്രക്കാർക്കും കാൽനടക്കാർക്കും അപകടഭീതിയില്ലാതെ സഞ്ചരിക്കാനാവില്ലെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. വാഹനങ്ങളുടെ മരണപ്പാച്ചിൽ നിയന്ത്രിക്കുന്നതിനായി ആവശ്യമായ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ച് ഗതാഗതം നിയന്ത്രിച്ചു വരുന്നു. ഇതിനുപുറമേ കുറ്റക്കാരായി കാണുന്ന അമിത വേഗതക്കാരെ കൈയ്യോടെ പിടികൂടി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ബൈക്കുകളിൽ മദ്യപിച്ചും മുന്നുപേർ വീതവും, ആഢംബരകാറുകളിലെ മദ്യപസംഘവും രാത്രി കാലങ്ങളിൽ നഗരവീഥികൾ കൈയടക്കി അസഹനീയ ശബ്ദമുണ്ടാക്കിയും അമിത വേഗത്തിലും യാത്രക്കാർക്കും പരിസരവാസികൾക്കും ഭീഷണിയായി നടത്തുന്ന ജൈത്രയാത്ര തടയാൻ പോലീസിനോ മോട്ടോർ വാഹന വകുപ്പിനോ സാധിക്കാത്തത് | (ബി) | തിരുവനന്തപുരം നഗരത്തിൽ മദ്യപിച്ച് വാഹനം ഓടിക്കുന്ന വാഹന ഡ്രൈവർമാർക്കെതിരെ Sec.279 IPC & 185 of MV Act പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബൈക്കുകളിൽ മൂന്ന് പേർ വീതം യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ വാഹനം തടഞ്ഞുനിർത്തി വാഹനം ഓടിച്ച ഡ്രൈവർമാർക്കെതിരെ Sec.279 IPC & 128 (1) r/w 177 of MV Act പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |

ജനങ്ങളിൽ ആശങ്കയുണർത്തുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം കാണുമോ ;

(സി) പോലീസ് ഹെഡ് ക്വാർട്ടേഴ്സിനു മുന്നിലൂടെ പോലും ഇത്തരക്കാർ അമിത ശബ്ദാഘോഷത്തോടെ അമിതവേഗത്തിൽ പാഞ്ഞ് അപകടങ്ങളുണ്ടാക്കിയിട്ടും നടപടി സ്വീകരിക്കാനാവാത്ത സാഹചര്യം പരിശോധിച്ച് കർശന നിർദ്ദേശം നൽകുമോ ?

(സി) കുറ്റകരമായ രീതിയിൽ വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ